പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1896

14-07-2011-ൽ മറുപടിയ്ക്ക്

## വേമ്പനാട് കായലിന്റെ സംരക്ഷണം

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) വേമ്പനാട് കായലിന്റെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) വേമ്പനാട് കായലിന്റെ സംരക്ഷണാർത്ഥം കേന്ദ്ര പരിസ്ഥിതി വകുപ്പ് 10 കോടി രൂപ വാഗ്ദാനം ചെയ്തിട്ടുണ്ട്. |
| (ബി) ഇതിലേക്ക് സംസ്ഥാന സർക്കാരോ ഏതെങ്കിലും വിദഗ്ധ ഏജൻസികളോ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; | (ബി) വേമ്പനാട് കായലിന്റെ സംരക്ഷണാർത്ഥം 'വേമ്പനാട് ഇക്കോഡവലപ്പ്മെന്റ് അതോറിറ്റി' രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) വേമ്പനാട് കായലിന്റെ ഇരുകരകളിലും ഹൈവേ മാതൃകയിൽ ജലനിരപ്പിൽ നിന്നും ബണ്ട് കെട്ടി ഉയർത്തി കായലോരം അവന്യൂ റോഡുകൾ ഹാൻഡ് റെയിലുകൾ, ലൈറ്റുകൾ. ഇല്ലി അടക്കമുള്ള ചെടികൾ ഉൾപ്പെടെ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കൂടി കായൽ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തയ്യാറാകുമോ;<br>(ഡി) ഇത്തരം റോഡുകൾ വിദേശ രാജ്യങ്ങളിൽ നിർമ്മിച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ഇ) കായൽ തീരങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും കായലിലേക്ക് മാലിന്യങ്ങളുടെ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നത് തടയുന്നതിനുമായി പ്രസ്തുത ബണ്ട് റോഡുകൾ നിർമ്മിക്കുന്നതിന് പരിഗണന നൽകുമോ? | (സി) യും (ഡി) യും (ഇ) യും<br>വേമ്പനാട് കായൽ സംരക്ഷണാർത്ഥം വേമ്പനാട് ഇക്കോഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കാനും ഇതിനായി പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കാനുമുള്ള പ്രാരംഭ നടപടിക്രമങ്ങൾ പരിസ്ഥിതി വകുപ്പ് ആരംഭിച്ചിട്ടേയുള്ളൂ. അതുകൊണ്ടു തന്നെ ബണ്ടു റോഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇതു വരെ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ